**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6319** **20-03-2023 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി വെങ്ങര ഐ.ടി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാടായി വെങ്ങര ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന മാടായി ഐ.റ്റി.ഐ യുടെ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത ഐ.ടി.ഐ. യിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനത്തിൽ എത്ര കുട്ടികളും ഉദ്യോഗസ്ഥരും നിലവിലുണ്ടെന്ന് അറിയിക്കുമോ; | (ബി) | മാടായി ഐ.റ്റി.ഐ.യിൽ നിലവിൽ 2 കോഴ്സുകളാണുള്ളത്.<br><br>പെയിന്റർ ജനറൽ (ദ്വിവത്സരം), പ്ലംബർ (ഏകവത്സരം)<br><br>നിലവിലെ കുട്ടികളുടെ എണ്ണം - 27<br><br>**നിലവിലെ ഉദ്യോഗസ്ഥരുടെഎണ്ണം -**<br><br>ആകെ 8 പേർ (സ്ഥിരം -3, താൽക്കാലികം - 5) |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ